കേരള വാട്ടർ അതോറിറ്റിയിലെ പ്ലാന്റുകളിലെ ജലം വ്യാവസായിക ആവശ്യത്തിന് നൽകാനുള്ള പദ്ധതി

18 (*784) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്ലാന്റുകളിൽ ശുദ്ധീകരിക്കുന്ന ജലം കുപ്പികളിലാക്കി റിൽക്കുന്നതിനായി സ്വകാര്യ മേഖലയ്ക്ക് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രതിദിനം എത്ര ലിറ്റർ ജലം എന്തുവിലവച്ച് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്വകാര്യ കമ്പനിയുമായോ വ്യക്തിയുമായോ ചർച്ച നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഏതൊക്കെ പ്ലാന്റിൽ നിന്നുള്ള വെള്ളമാണ് പ്രസ്തുത ആവശ്യത്തിനായി കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജലം വ്യാവസായിക ആവശ്യത്തിനായി കൊടുക്കുമ്പോൾ ഉണ്ടാകുന്ന കുറവ് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) വരുമാനവർദ്ധനവിനും സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന്റേയും ഭാഗമായി ശുദ്ധീകരിച്ച ജലം കുപ്പിയിലും കന്നാസിലുമായി വിൽക്കുന്നതിനുള്ള ഒരു നിർദ്ദേശം കേരള വാട്ടർ അതോറിറ്റി പരിഗണിക്കുകയും സർക്കാർ അനുമതിയോടെ നടപ്പാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതി സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) പദ്ധതി സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ജലം വ്യാവസായിക ആവശ്യത്തിന് കൊടുക്കുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി

19 (*785) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിതരണവും അവയുടെ നടത്തിപ്പും സംരക്ഷണവും ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പെടുത്തുവാൻ ഗവൺമെന്റ് നയപരമായി തീരുമാനമെടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് കേരള വാട്ടർ അതോറിറ്റിയുടെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത് ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ ജോലികൾ കൈമാറുമ്പോൾ അവ നടത്തിക്കൊണ്ടുപോകാനുള്ള സാമ്പത്തിക വരുമാനം ത്രിതല പഞ്ചായത്ത് സമിതികൾക്ക് ഉണ്ടോയെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് നിരവധി ഗ്രാമപഞ്ചായത്തുകൾക്ക് കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്ന വിവരം ഗവൺമെന്റ് പരിശോധിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) 23-11-1998-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം. എസ്) നമ്പർ 125/98/ഐ. ആർ. ഡി. പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഓരോ പഞ്ചായത്തിൽമാത്രം ഒതുങ്ങുന്ന കേരളത്തിലൊട്ടാകെയുള്ള പ്രവർത്തനയോഗ്യമായ 1050 ഗ്രാമീണശുദ്ധജലവിതരണ പദ്ധതികൾ പരിപാലനത്തിനായി അതാത് പഞ്ചായത്തുകളെ ഏൽപ്പിക്കുവാൻ സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇങ്ങനെ കൈമാറുന്ന പദ്ധതികളുടെ തുടർ നടത്തിപ്പ്, അറ്റകുറ്റപ്പണികൾ, പദ്ധതി വിപുലീകരണം, പുനരുദ്ധാരണം, വെള്ളത്തിന്റെ ഗുണനിലവാരനിയന്ത്രണം തുടങ്ങിയ എല്ലാ ചെലവുകളും നിലവിലുള്ള നിയമങ്ങൾക്കനുയോജ്യമായ ഭേദഗതികൾ കുടിവെള്ള തീരുവയുടെ ഘടനയിൽ വരുത്തിക്കൊണ്ട് സ്വന്തം ധനാഗമ മാർഗ്ഗങ്ങളിൽനിന്നും അതാത് പഞ്ചായത്തുകൾ നേരിടേണ്ടതാണ്.

(ബി) സംസ്ഥാനത്തൊട്ടാകെ 92 പഞ്ചായത്തുകളിലായി കേരള വാട്ടർ അതോറിറ്റിയുടെ 144 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ തുടർനടത്തിപ്പിനായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(സി&ഡി) 23-11-1998-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം. എസ്) നമ്പർ 125/98/ഐ.ആർ.ഡി പ്രകാരമാണ് കേരള വാട്ടർ അതോറിറ്റിയുടെ 1050 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇങ്ങനെ കൈമാറുന്ന പദ്ധതികളുടെ തുടർന്നുള്ള എല്ലാ ചെലവുകളും അതാത് പഞ്ചായത്തുകൾ തന്നെ കണ്ടെത്തേണ്ടതാണ്.

പഞ്ചായത്തുകളുടെ ധനാഗമമാർഗ്ഗങ്ങൾ പരിഗണിച്ചതിനുശേഷമാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly